# ഐ. ടി. ജോലി തെരഞ്ഞെടുക്കുമ്പോള്

**ലേഖനം | ടി. എ. അരുണാനന്ദ്**

E-mail: arunta007@yahoo.com

'എല്ലാ റോഡുകളും റോമിലേക്ക്' എന്ന് പറഞ്ഞത് പോലെയാണ് ഇക്കാലത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ അവസ്ഥ. പഠിക്കുന്നത് മെക്കാനിക്കലാകട്ടെ, സിവിലാകട്ടെ, ഇലക്ട്രോണിക്സാകട്ടെ, ബിരുദപഠനശേഷം ഐ. ടി. ജോലിയിലേക്ക് തിരിയാന് പലരും നിർബന്ധിതരാകുന്നു. ചിലരാകട്ടെ, ഐ. ടി. ലോകം തങ്ങൾക്കു മുൻപില് തുറന്നിടുന്ന അവസരങ്ങള് കണ്ടുകൊണ്ട് യുക്തമായ തീരുമാനങ്ങള് എടുക്കുന്നു. നിര്ഭാഗ്യകരമെങ്കിലും ഇതില് ആദ്യം പറഞ്ഞവിഭാഗക്കാരാണ് കൂടുതല്. ആരെയും കുറ്റം പറയാന് കഴിയില്ല; സാഹചര്യങ്ങളാണ് ആദ്യക്കൂട്ടരില് പലരെയും ഐ. ടി. ലോകത്തേക്ക് കൊണ്ടെത്തിക്കുന്നത്. ഇവരില് പലർക്കും തങ്ങളുടെ ജോലി ആസ്വദിക്കാന് കഴിയാതെ വരുന്നതും ഇതുകൊണ്ട് തന്നെ. നിയുക്ത ഭാരതരത്നയായ ഡോ: സി. എന്. ആര്. റാവു ഈയിടെ പറയുകയുണ്ടായി, ഐ. ടി. ജോലിചെയ്യുന്നവര് സംതൃപ്തരല്ല എന്ന്. ഇതിനോട് പരിപൂർണ്ണമായി യോജിക്കാന് കഴിയില്ലെങ്കിലും, അസംതൃപ്തരായ ഒരു വിഭാഗം ഐ. ടി. മേഖലയില് ഉണ്ടെന്നു സമ്മതിച്ചേ പറ്റൂ... അതോടൊപ്പം, ഈ മേഖലയില് തങ്ങളുടെ മനസും ഹൃദയവും അർപ്പിച്ചു ആത്മാർഥമായി, തികച്ചും സംതൃപ്തരായി ജോലി ചെയ്യുന്ന അനേകമായിരം എഞ്ചിനീയർമാരും നമുക്കുണ്ട് എന്ന് മറക്കരുത്.

എന്തുകൊണ്ടാണ് ഇങ്ങനെ രണ്ടു വിഭാഗങ്ങള് ഉണ്ടാകുന്നത്? വളരെ കൂലങ്കഷമായി ചിന്തിക്കേണ്ട കാര്യമൊന്നുമല്ലയിത്. താല്പര്യമില്ലായ്മയും, ഉദ്ദേശിച്ച മേഖല ലഭിക്കാത്തതിലുള്ള അമർഷവുമാണ് പലരെയും ഐ. ടി. മേഖലയില് പരാജിതരാക്കുന്നത്. ഇത് ഐ. ടി. മേഖലയുടെ മാത്രം അവസ്ഥയൊന്നുമല്ല. രാജ്യത്തെ ഏതു മേഖലയിലും അസംതൃപ്തരുണ്ട്. നവലോകത്തിന്റെ മുഖമെന്നരീതിയില് ഐ. ടി. മേഖലയിലെ കുറവുകള് കൂടുതല് ശ്രദ്ധിക്കപ്പെടുന്നുവെന്നേയുള്ളൂ. എന്നിരിക്കിലും, ഐ. ടി. മേഖലയിലേക്ക് കടന്നു വരുന്നതിനു മുൻപ് ചിന്തിക്കേണ്ട ചില കാര്യങ്ങളുണ്ട്. 'എനിക്ക് രണ്ട് ജോലി കിട്ടി സര്, ഇതില് ഏതു ഞാന് തെരഞ്ഞെടുക്കണം' എന്ന് ചോദിക്കുന്നവരുമുണ്ട്. നമുക്കൊന്ന് പരിശോധിക്കാം.

**ചിന്തിക്കാം, നമുക്കെന്താണ് വേണ്ടതെന്ന്**

ജോലിയില് മാത്രമല്ല ഏതുകാര്യത്തിലും നമ്മുടെ താൽപര്യമാണ് വിജയത്തിന്റെ ആണിക്കല്ല്. പഠനത്തിലും ഇത് തന്നെയല്ലേ ഘടകം? ചരിത്രത്തില് അതീവ്താല്പര്യമുള്ള, ഗണിതത്തില് ഒട്ടും തന്നെ താല്പര്യമില്ലാത്ത ഒരു വിദ്യാർഥിയെ എഞ്ചിനീയറിംഗിന് ചേർത്താല് എന്താകും സ്ഥിതി? നേരെ തിരിച്ചായാലും സംഗതി ഗുരുതരം തന്നെ.

പറഞ്ഞുവരുന്നത്, ഓരോ വ്യക്തിയുടെ താല്പര്യങ്ങളും വ്യത്യസ്തമായിരിക്കും. സ്വന്തം ഹൃദയം പറയുന്നത് കേൾക്കുക. ഇത് പറയുമ്പോള് എളുപ്പം കഴിഞ്ഞു. പക്ഷെ, യഥാർത്ഥജീവിതത്തില് ഒരു തീരുമാനമെടുക്കുമ്പോള് നിരവധി തടസങ്ങള് ഉണ്ടാകും. കുടുംബാന്തരീക്ഷം, ബാഹ്യസമ്മർദ്ദങ്ങള് തുടങ്ങി നിരവധി കാര്യങ്ങള് മനസിന്റെ ആഗ്രഹങ്ങൾക്ക് തടസം നിന്നേക്കാം. പക്ഷെ, തടസങ്ങള് മറികടക്കുന്നവർക്കാണ് ഒടുവില് വിജയം എന്നോർക്കുക.

അതുകൊണ്ട്, നിങ്ങൾക്ക് ഒരു ജോലി ലഭിക്കുമ്പോള്, അല്ലെങ്കില് ഒന്നിലധികം ജോലിയില് നിന്ന് ഒന്ന് തെരഞ്ഞെടുക്കേണ്ടിവരുമ്പോള് നിങ്ങളുടെ ഉള്ളിലേക്ക് തന്നെ നോക്കുക. 'എനിക്ക് ഇത് ചേരുമോ' എന്ന ചോദ്യം സ്വയം ചോദിക്ക്കുക. തീരുമാനമെടുക്കാന് പ്രയാസമായിരിക്കും; പക്ഷെ, ദൂരവ്യാപകമായ ഫലങ്ങളാകും ഈ തീരുമാനം മൂലം ഉണ്ടാകുന്നത് എന്നോർക്കണം. ഐ. ടി. മേഖലയില് താല്പര്യം ഒട്ടും തന്നെയില്ലാത്ത ഒരു മെക്കാനിക്കല് വിദ്യാർഥി തൽക്കാല ലാഭത്തിനായി ഐ. ടി. ജോലി സ്വീകരിച്ച് എങ്ങുമെത്താത്ത അവസ്ഥയില് എത്തുന്നതിനേക്കാള് നല്ലതായിരിക്കും ആദ്യമേ തന്നെയുള്ള മറിച്ചുള്ള തീരുമാനം. ഇനി അഥവാ, മനസ് പറയുകയാണ്, 'ഇതാണ് നിന്റെ മേഖല', എങ്കില് മറ്റൊന്നും ചിന്തിക്കേണ്ട കാര്യമേയില്ല.

**രണ്ട് ജോലികള്, ഏതു വേണം?**

മിടുക്കന്മാർക്ക് ഒന്നിലധികം ജോലികള് ലഭിച്ചെന്നു വരാം. പക്ഷെ, അപ്പോള് കൺഫ്യൂഷന് തുടങ്ങും. ഏതു തെരഞ്ഞെടുക്കണം? രണ്ടും ഐ. ടി. മേഖല തന്നെ... താല്പര്യവുമുണ്ട്; പക്ഷെ, ഏതു വേണം?

ഈ അവസ്ഥയിലാണ് നമ്മുടെ വിശ്വസ്തരായ സുഹൃത്തുക്കളെയും, അവരുടെ സുഹൃത്തുക്കളെയും ഉപയോഗപ്പെടുത്തേണ്ടത്. പലർക്കും ആകർഷകമായ ആദ്യശമ്പളം പ്രധാനഘടകമായി വരുമെങ്കിലും, അതോടൊപ്പം വേറെ ചില കാര്യങ്ങള് കൂടി കണക്കിലെടുക്കേണ്ടതുണ്ട് – ഏതു തരത്തിലുള്ള കമ്പനികളാണ് ഇവ, കമ്പനിയുടെ പ്രവർത്തനരംഗത്ത് ഉണ്ടായിട്ടുള്ള വളർച്ച, കരിയറിലെ ഉയർച്ചക്കുള്ള അവസരങ്ങള് ഏതൊക്കെ, സർവീസ്-പ്രോഡക്റ്റ്-ബി.പി.ഒ എന്നിങ്ങനെയുള്ള വിഭാഗങ്ങളില് ഇതില് പെട്ട കമ്പനിയാണ് (ഓരോ വിഭാഗത്തിനും അതിന്റേതായ മേന്മകളും, കുറവുകളുമുണ്ട്), സർവോപരി ജോലിയും, സ്വകാര്യജീവിതവും ഒരുമിച്ച് കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടോ, നല്ല ഉദ്യോഗസംസ്കാരമുള്ള കമ്പനിയാണോ എന്നിങ്ങനെയുള്ള കാര്യങ്ങള് കൃത്യമായി ശേഖരിച്ച് യുക്തമായ ഒരു തീരുമാനം എടുക്കണം. ശമ്പളം ഒരു മുഖ്യഘടകമെങ്കിലും, അതുമാത്രമല്ല ജീവിതം എന്നോർക്കുക.

ഇക്കാര്യങ്ങള് നമ്മുടെ സുഹൃത്തുക്കളില് നിന്ന് ശേഖരിക്കാം. ഇക്കാര്യത്തിന് വിശ്വാസ്യതയുള്ളവരെ മാത്രം ആശ്രയിക്കുന്നതാണ് യുക്തി. അതോടൊപ്പം, കമ്പനികളുടെ ലിങ്ക്ഡ ഇന് (LinkedIn.com) പേജുകള്, 'ക്വാറ'യിലുള്ള (quora.com) ചർച്ചകള് എന്നിവയില് നിന്ന് വിവരങ്ങള് ശേഖരിക്കാം. ഈ കമ്പനിയില് ഇപ്പോഴോ, മുൻപോ ജോലി ചെയ്തിട്ടുള്ളവരുമായി സംവദിക്കാം. സോഷ്യല് മീഡിയയുടെ ഇക്കാലത്ത് ഇതിനൊന്നും പ്രയാസമുണ്ടാകില്ലലല്ലോ.

**ഇന്റർവ്യൂ വളരെ പ്രധാനം**

ഒരു ജോലിക്ക് അപേക്ഷിക്കുമ്പോള് മുതല്, ഇന്റർവ്യൂ ചെയ്യപ്പെടുന്നത് വരെ ഉദ്യോഗാർഥികള് ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. കമ്പനിയുടെ വെബ്സൈറ്റ് സന്ദർശിച്ച് കമ്പനിയെക്കുറിച്ച് പഠിക്കുക. സാധാരണഗതിയില് ഇത് ഇന്റർവ്യൂവിനുള്ള തയ്യാറെടുപ്പാണ് എന്ന് പറയാറുണ്ടെങ്കിലും, സത്യത്തില് ഈ ജോലി നമുക്ക് ഇണങ്ങുന്നതാണോ എന്ന് പരിശോധിക്കപ്പെടുകയാണ് വേണ്ടത്. നല്ല ഒരു കമ്പനിയുടെ വെബ്സൈറ്റില് ആ കമ്പനി പ്രവർത്തിക്കുന്ന മേഖല, മുന്പ്രവൃത്തികള്, ജോലി-ജീവിതരീതികള് എന്നിങ്ങനെ വിശദവിവരങ്ങള് നൽകിയിരിക്കും. ഇക്കാര്യങ്ങള് നമ്മുടെ അഭിരുചിക്ക് ചേരുന്നതാണ് എന്ന് ഉറപ്പുവരുത്തിയിട്ടുവേണം അപേക്ഷ പോലും നൽകാന്. അതുപോലെ തന്നെ, ഇന്റർവ്യൂവിന് മുന്പായി പല കമ്പനികളും 'പ്രീ-പ്ലേസ്മെന്റ്' ചർച്ചകള് നടത്താറുണ്ട്. കമ്പനിയിലെ ഉന്നതഉദ്യോഗസ്ഥരെ 'ഇന്റർവ്യൂ' ചെയ്യാന് കിട്ടുന്ന ഒരു അവസരമാണിത്. വേണ്ടവിധത്തില് ഉപയോഗിച്ചാല് ഏതു തരം ജോലിയാണ് താന് ചെയ്യേണ്ടി വരിക എന്ന് ഇവിടെ വച്ചുതന്നെ ഉറപ്പിക്കാന് കഴിയും.

പക്ഷെ, പലപ്പോഴും ഇതൊന്നും സംഭവിക്കാറില്ല എന്നതാണ് സത്യം. അതുകൊണ്ട് തന്നെയാണ് ഏതു തരം ജോലിയാണ് എന്നറിയാതെ പലരും ജോലി സ്വീകരിക്കുന്നതും, പിന്നീട് അസംതൃപ്തരായി മാറുന്നതും.

ഒരിക്കല് ഒരു എച്ച്. ആര് (ഹ്യൂമന് റിസോഴ്സ്) പ്രമുഖന് പറയുകയുണ്ടായി, “യഥാർത്ഥ മിടുക്കര് ഇന്റർവ്യൂ ചെയ്യുന്ന ആളെയാണ് ഇന്റർവ്യൂ ചെയ്യുന്നത്” എന്ന്. ഇതിനർത്ഥമിതാണ്: മിക്കമിടുക്കരും ഇന്റർവ്യൂ ചെയ്യപ്പെടുന്നതോടൊപ്പം തങ്ങൾക്ക് അറിയേണ്ട വിവരങ്ങള് ഇന്റർവ്യൂ ചെയ്യുന്നയാളില് നിന്നും ശേഖരിക്കും. മിക്ക ഇന്റർവ്യൂവിലും ഇത്തരം ഒരവസരം ‘എന്തെങ്കിലും ചോദിക്കാനുണ്ടോ’ എന്ന സ്ഥിരം ചോദ്യം പലരും ‘ഒന്നുമില്ല, സര്’ എന്നുപറഞ്ഞ് അവസാനിപ്പിക്കാറാണ് പതിവ്. എന്നാല് ചിലര് ഈയവസരം പരമാവധി പ്രയോജനപ്പെടുത്തും. ജോലി ലഭിച്ചാല് അത് ഏതു തരത്തിലുള്ളതായിരിക്കും, വളരുവാനുള്ള സാഹചര്യങ്ങള്, കമ്പനിയിലെ ജോലിസാഹചര്യങ്ങള് എന്നിങ്ങനെ തങ്ങൾക്കറിയേണ്ട വിവരങ്ങള് നയത്തില് ചോദിച്ചറിയും. ഇത് വളരെ പ്രധാനമാണ്. പിന്നീട് ജോലി സ്വീകരിക്കണോ വേണ്ടയോ എന്ന ഘട്ടം വരുമ്പോള് ഇത് പ്രയോജനപ്പെടും. ഇത്തരത്തില് ചോദ്യങ്ങള് ചോദിച്ച് സംശയങ്ങള് തീർക്കുന്ന മിടുക്കർക്ക് ജോലി നൽകാന് തങ്ങള് പ്രത്യേക താല്പര്യം കാണിക്കാറുണ്ടെന്നു പല ഇന്റർവ്യൂ വിദഗ്ധരും തുറന്നുപറഞ്ഞിട്ടുണ്ട്. ശ്രദ്ധിക്കുക: ചോദ്യങ്ങള് വിനയത്തോടെയും, യഥാരീതിയിലും ചോദിക്കാന് ശ്രമിക്കണം; ഇല്ലെങ്കില് ഇത് വിപരീതഫലം ഉണ്ടാക്കിയേക്കാം.

### സ്റ്റാർട്ടപ്പോ? റിസ്കല്ലേ?

ഇത് സ്റ്റാർട്ടപ്പുകളുടെ കാലമാണ്; അതായത്, ചെറിയ പുതിയ നിരവധി കമ്പനികള് വളർന്നുവരുന്ന കാലം. ഐ. ടി. മേഖലയില് മാത്രമല്ല സ്റ്റാർട്ടപ്പുകള് ഉള്ളതെങ്കിലും കൂടുതല് അവിടെത്തന്നെയാണ്. പണ്ട് പല ഉദ്യോഗാർഥികള്ക്കുമുണ്ടായിരുന്ന ഒരു ആശയക്കുഴപ്പമായിരുന്നു ‘ചെറിയ കമ്പനിയില് ചേരണോ, അതോ വലുതിലോ?’ എന്നത്. ഈ ചോദ്യത്തിന്റെ ന്യൂ ജനറേഷന് ഭാവമാണ് ‘സ്റ്റാർട്ടപ്പ് കമ്പനിയില് ചേരണോ, അതോ കുറെ നാളായിട്ടുള്ള, ഉറച്ച മേൽവിലാസമുള്ള മൾട്ടിനാഷണല് കമ്പനി വേണോ’ എന്നത്. നമുക്കൊന്ന് പരിശോധിക്കാം:

ഈ ചോദ്യത്തിന് ഒറ്റവാക്കില് ഉത്തരം പറയാന് കഴിയില്ല. പല കാര്യങ്ങളും പരിഗണിക്കണം. സ്റ്റാർട്ടപ്പുകള് പലതും കൂണ് പോലെ മുളച്ചുവരാറുണ്ടെങ്കിലും,

മികച്ച ഒരു മേൽവിലാസം ഉണ്ടാക്കുവാന് എല്ലാവര്ക്കും കഴിയണം എന്നില്ല. പക്ഷെ, ഉന്നതവിജയം വരിച്ച സ്റ്റാർട്ടപ്പുകള് നമുക്ക് മുൻപില് ഒരുപാടുണ്ട്. ഒരു സ്റ്റാർട്ടപ്പില് നിന്ന് ജോലി വാഗ്ദാനം ലഭിക്കുകയാണെങ്കില് തീർച്ചയായും ആ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിഞ്ഞശേഷം മാത്രമേ ജോലി സ്വീകരിക്കാവൂ. സ്ഥിരതയുള്ള ജോലിയാണോ, ശമ്പളം കൃത്യമായി ലഭിക്കുമോ (സ്റ്റാർട്ടപ്പുകളില് തുടക്കത്തില് ചെറിയ ശമ്പളമാണ് വാഗ്ദാനം ചെയ്യുന്നതെങ്കിലും, കമ്പനിയുടെ വളർച്ചക്കൊപ്പം ഇതില് നല്ല വർദ്ധനയുണ്ടാകാം എന്ന കാര്യം മറക്കരുത്. ചില സ്റ്റാർട്ടപ്പുകള് തുടക്കം തന്നെ ഉയർന്ന ശമ്പളവും വാഗ്ദാനം ചെയ്യുന്നുണ്ട്), ജോലിയുടെ രീതി എന്നിവ ആദ്യമേ മനസിലാക്കണം.

വൻകമ്പനികളെ അപേക്ഷിച്ച് സ്റ്റാർട്ടപ്പുകളില് ജോലി ചെയ്യുമ്പോള് നമുക്ക് ഉത്തരവാദിത്തം കൂടും. ഉയർച്ച ആഗ്രഹിക്കുന്നവർക്ക് ഇത് ഒരു അവസരമാണ്. കൂടുതല് അവസരങ്ങള് ലഭിക്കാം, വന് കമ്പനികളുടെ വലിയ പ്രൊജക്ടുകളുടെ ഒരു ചെറിയ ഭാഗം ചെയ്യുന്നതിനേക്കാള് കൂടുതല് സംതൃപ്തിയും സ്റ്റാർട്ടപ്പുകള് നല്കിയേക്കാം. സ്വന്തം കഴിവുകള് ഉയർത്തുവാന് ഇതൊക്കെ നമ്മെ വളരെയധികം സഹായിക്കും. അതോടൊപ്പം, കമ്പനിയുടെ വളർച്ചയില് ഗണ്യമായ പങ്കുവഹിക്കുവാനും, തീരുമാനങ്ങള് എടുക്കുവാനും അവസരം ലഭിക്കും. ചില അവസരങ്ങളില് വലിയ കമ്പനികളില് ചെയ്യുന്നതിനേക്കാള് കൂടുതല് സമയം ജോലി ചെയ്യേണ്ടി വന്നേക്കാം. ഇതൊക്കെ ആസ്വദിക്കാന് കഴിയുന്ന ഒരാൾക്ക് സ്റ്റാർട്ടപ്പ് കമ്പനിയില് സംതൃപ്തമായ ഒരു ഉദ്യോഗം നയിക്കാന് കഴിയും. അതോടൊപ്പം, തങ്ങൾക്കിഷ്ടമുള്ള മേഖല (customized realm) തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും സ്റ്റാർട്ടപ്പുകളില് കൂടുതലാണ്. മൾട്ടിനാഷണല് കമ്പനികളെ വിട്ട് സ്റ്റാർട്ടപ് കമ്പനികളെ തേടിപ്പോയ എത്രയോ ചെറുപ്പക്കാരെ നമുക്ക് ചുറ്റും കാണാന് കഴിയും. ഇവരൊക്കെ സ്റ്റാർട്ടപ്പുകള് നൽകുന്ന അവസരങ്ങള് മനസിലാക്കി വന്നവരാണ്.

ചിലരെങ്കിലും സ്വന്തം കമ്പനി എന്ന ആഗ്രഹം മനസ്സില് കൊണ്ട് നടക്കുന്നവരാണ്. ഇത്തരക്കാർക്കും സ്റ്റാർട്ടപ്പുകള് നല്ല മേച്ചിൽപ്പുറമാണ്. ഒരു കമ്പനി ഇത്തരത്തില് പ്രവർത്തിക്കുന്നു, അതില് നേരിടേണ്ടി വരുന്ന തടസ്സങ്ങള്, ദൈനംദിന പ്രക്രിയകള് എന്നിങ്ങനെ നിരവധി കാര്യങ്ങള് അടുത്തുനിന്ന് പഠിക്കാന് ഒരു ചെറിയ സ്റ്റാർട്ടപ്പിലെ ജോലി നിങ്ങളെ സഹായിച്ചേക്കാം. തങ്ങളുടെ മേഖലയിലെ മത്സരോന്മുഖതയെ അതിന്റേതായ ഘനത്തില് തിരിച്ചറിയാനും ഇത് സഹായിക്കും. കൂടാതെ, നേതാവ് എന്ന രീതിയിലും, തൊഴിലാളി എന്ന രീതിയിലും ഒരേസമയം പ്രവർത്തിക്കാന് ഇവ അവസരം നൽകും. സ്റ്റാർട്ടപ്പുകളിലെ പ്രവർത്തനരീതിയുടെ പ്രത്യേകതയാണിത്. വലിയകമ്പനികളില് ഉള്ളതുപോലെ നിശ്ചിത ഔദ്യോഗിക-പ്രവർത്തന ക്രമമോ മറ്റോ ഇവിടെ കാണണമെന്നില്ല. ഇതിനു അതിന്റേതായ

ഗുണങ്ങളും, ദോഷങ്ങളുമുണ്ട്. എന്നിരിക്കിലും, ഒരു ഉദ്യോഗാർഥിയെന്ന നിലയില്, സ്റ്റാർട്ടപ്പുകള് തീർച്ചയായും പരിഗണിക്കപ്പെടേണ്ടവയാണ്. 'ചെയ്യുന്നത് ഇഷ്ടപ്പെടുക, ഇഷ്ടപ്പെടുന്നത് ചെയ്യുക' (love what you do, do what you love) എന്നതാണല്ലോ അടിസ്ഥാനമായ കാര്യം.

പക്ഷെ, ഏതു നാണയത്തിനും രണ്ട് വശങ്ങള് ഉണ്ടെന്നപോലെ, സ്റ്റാർട്ടപ്പുകൾക്കും അതിന്റേതായ പ്രശ്നങ്ങളുണ്ട്. കൃത്യതയില്ലാത്ത ജോലി ഭാരവും, പ്രവർത്തന രീതിയും, തുടക്കത്തിലേ ഉയർന്ന സമ്മർദ്ധങ്ങളും പലരെയും തളര്ത്തിയേക്കാം. ഈ പ്രശ്നങ്ങള് മള്റ്റിനാഷണല് കമ്പനികളില് കണ്ടെന്നു വരില്ല. കൃത്യമായ, ഉയർന്ന സ്ഥിരവരുമാനവും, പ്രവർത്തനരീതിയും മറ്റും മൾറ്റിനാഷണല് കമ്പനികളെ ആകർഷകമാക്കുന്നു. ഓർക്കുക, നിങ്ങളുടെ ലക്ഷ്യങ്ങളാണ് നിങ്ങളുടെ തീരുമാനങ്ങളെ സ്വാധീനിക്കേണ്ടത്. നിങ്ങളുടെ തീരുമാനങ്ങളാണ് നിങ്ങളുടെ വഴികാട്ടി. തീരുമാനങ്ങള് ഉറച്ചതാവട്ടെ, ലക്ഷ്യങ്ങളും!

**വാൽക്കഷണം:** സ്റ്റാർട്ടപ്പുകള് ജോലിയെടുക്കാന് മാത്രമുള്ള സ്ഥലമല്ല; സ്ഥിരോൽസാഹവും, നേതൃഗുണവും, ഇച്ഛാശക്തിയും, കാഴ്ച്ചപ്പാടുകളും ഉള്ളവർക്ക് തുടങ്ങാന് കൂടി ഉള്ളവയാണ്. ഉദ്യോഗസ്ഥന് എന്ന നിലയില് നിന്ന് അല്പം കൂടുതല് ഉത്തരവാദിത്തം കൂടുതലാകും എന്നുമാത്രം. പക്ഷെ, അത് നൽകുന്ന ആനന്ദം ആസ്വദിക്കാന് കഴിയുന്നവര് ഇക്കാര്യം ഗൌരവമായി ചിന്തിക്കണം!

---